**പതിനാലാം കേരള നിയമസഭ**

ഏഴാം സമ്മേളനം

**<u>മഹാത്മാഗാന്ധി ഗ്രാമീണ തൊഴിലുറപ്പ് പദ്ധതി</u>**

നക്ഷത്ര ചിഹ്നമിടാത്ത ചോദ്യം നം. 1518 — 11-08-2017-ൽ മറുപടിക്ക്

| ചോദ്യം | | മറുപടി | |
|---|---|---|---|
| **ശ്രീ. പി.കെ.ബഷീർ** | | **ഡോ. കെ.ടി. ജലീൽ**<br>(തദ്ദേശ സ്വയംഭരണവും ന്യൂനപക്ഷ ക്ഷേമവും വഖഫ് ഹജ്ജ് തീർത്ഥാടനവും വകുപ്പു മന്ത്രി) | |
| (എ) | മഹാത്മാഗാന്ധി ഗ്രാമീണ തൊഴിലുറപ്പ് പദ്ധതിയിൻ കീഴിൽ കഴിഞ്ഞ സാമ്പത്തിക വർഷം എത്ര തൊഴിൽ ദിനങ്ങളാണ് സൃഷ്ടിക്കപ്പെട്ടത്; എന്തെല്ലാം പ്രവൃത്തികളാണ് ചെയ്യുത്; എത്ര തുക വിതരണം ചെയ്യു; | (എ) യും (ബി) യും | മഹാത്മാഗാന്ധി ദേശീയ ഗ്രാമീണ തൊഴിലുറപ്പ് പദ്ധതിയിൽ 2016-17 സാമ്പത്തിക വർഷം 684.62 ലക്ഷം തൊഴിൽ ദിനങ്ങൾ സൃഷ്ടിച്ചു. മഹാത്മാഗാന്ധി ഗ്രാമീണ തൊഴിലുറപ്പ് നിയമത്തിന്റെ പരിഷ്കരിച്ച ഒന്നാം പട്ടികയിൽ ഉൾപ്പെട്ടിട്ടുള്ള പ്രവൃത്തികളാണ് ഏറ്റെടുത്തു നടത്തിവരുന്നത്. ഇവയെ പ്രധാനമായും നാല് വിഭാഗങ്ങളായി തരം തിരിച്ചിട്ടുണ്ട്. വിഭാഗം (എ) പ്രകൃതി വിഭവ പരിപാലനവുമായി ബന്ധപ്പെട്ട പൊതു പ്രവൃത്തികൾ, വിഭാഗം (ബി) സമൂഹത്തിൽ അവശത അനുഭവിക്കുന്ന വിഭാഗങ്ങൾക്കുള്ള വ്യക്തിഗത ആസ്തികളുടെ നിർമ്മാണവുമായി ബന്ധപ്പെട്ട പ്രവൃത്തികൾ, വിഭാഗം (സി) ദേശീയ ഉപജീവന മിഷന്റെ നിബന്ധനകൾ അനുസരിക്കുന്ന സ്വയം സഹായ സംഘങ്ങൾക്ക് പൊതു അടിസ്ഥാന സൗകര്യങ്ങൾ, വിഭാഗം (ഡി) ഗ്രാമീണ അടിസ്ഥാന സൗകര്യങ്ങൾ.<br>2016-17 സാമ്പത്തിക വർഷത്തിൽ 2426.34 കോടി രൂപയാണ് ആകെ ചെലവഴിച്ചിട്ടുള്ളത്. 2016-17 സാമ്പത്തിക വർഷത്തിൽ 1386.70 കോടി രൂപയാണ് അവിദഗ്ദ്ധ വേതനയിനത്തിൽ വിതരണം ചെയ്തിട്ടുള്ളത്. ശേഷിച്ച 759.43 കോടി രൂപ നടപ്പ് സാമ്പത്തിക വർഷത്തിൽ വിതരണം ചെയ്യു. |
| (ബി) | പ്രസ്തുത പദ്ധതിയിൻ കീഴിൽ എന്തെല്ലാം പ്രവൃത്തികൾ ചെയ്യുന്നതിനാണ് അനുമതിയുള്ളത്; | | |
| (സി) | അനുമതിയുള്ള പ്രവൃത്തികളിലൂടെ പ്രസ്തുത പദ്ധതി ആരംഭിച്ചതു മുതൽ നാളിതുവരെയായി ഉണ്ടായിട്ടുള്ള നേട്ടങ്ങൾ എന്തെല്ലാമാണ്; വിശദമാക്കാമോ; | (സി) | • 2006 സാമ്പത്തിക വർഷം മുതൽ നാളിതുവരെ തൊഴിലുറപ്പ് പദ്ധതിയിലൂടെ 13.89 ലക്ഷം കുടുംബ ങ്ങൾക്ക് 100 ദിവസം തൊഴിൽ നൽകുവാൻ സാധിച്ചിട്ടുണ്ട്<br>• 5477.94 ലക്ഷം തൊഴിൽ ദിനങ്ങൾ സൃഷ്ടിക്കുവാനും കഴിഞ്ഞിട്ടുണ്ട്. പദ്ധതിയിൽ നാളിതുവരെ ആകെ ചെലവ് 11076.51 കോടി രൂപയാണ്<br>• പദ്ധതിയിൽ നാളിതുവരെ അവിദഗ്ദ്ധ വേതനയിനത്തിൽ ആകെ ചെലവായത് 11040.59 കോടി രൂപയാണ്. ഇതിൽ അവിദഗ്ദ്ധ വേതനയിനത്തിൽ തൊഴിലാളികൾക്ക് 10040.59 കോടി രൂപ ചെലവഴിച്ചിട്ടുണ്ട്.<br>• തൊഴിലുറപ്പ് പദ്ധതിയുമായി ബന്ധപ്പെട്ട് |

| | | | |
|---|---|---|---|
| | | | സംസ്ഥാനത്ത് ഗ്രാമ-ബ്ലോക്ക്-ജില്ലാ തലത്തിൽ 3658 പേർ കരാർ അടിസ്ഥാനത്തിൽ തൊഴിൽ ചെയ്തുവരുന്നു.<br>• തൊഴിലുറപ്പ് പദ്ധതിയിലൂടെ സ്ത്രീകളുടെ പങ്കാളിത്തം ദേശീയ ശരാശരിയെക്കാൾ കൂടുതലും ഇതിന്റെ അനുപാതം 87.78 ശതമാനവുമാണ്. ഇതിലൂടെ സ്ത്രീകൾക്ക് സാമൂഹികവും സാമ്പത്തികവുമായ ഉന്നമനം നേടുവാൻ സാധിച്ചിട്ടുണ്ട്.<br>• തൊഴിലുറപ്പ് പദ്ധതിയിൽ രജിസ്റ്റർ ചെയ്ത് തൊഴിൽ കാർഡ് എടുത്തിട്ടുള്ള എല്ലാ തൊഴിലാളികൾക്കും സ്വന്തമായി ബാങ്ക്/ പോസ്റ്റാഫീസ് അക്കൗണ്ട് ആരംഭിക്കുവാനും വേതനയിനത്തിൽ ലഭിക്കുന്ന തുക അവരുടെ അക്കൗണ്ടിൽ ഇ-എഫ്.എം.എസ് സംവിധാനത്തിലൂടെ തുക എത്തിക്കുന്നതിലൂടെ കൂടുതൽ സുതാര്യത ഉറപ്പാക്കുവാൻ സാധിച്ചിട്ടുണ്ട്. കൂടാതെ ഈ മേഖലയിൽ പണിയെടുക്കുന്ന 87.8% സ്ത്രീ തൊഴിലാളികൾക്കും സാമ്പത്തിക സാക്ഷരതയും നേടിയിട്ടുണ്ട്. കൂടാതെ സാധാരണ ജനങ്ങളുടെ വാങ്ങൽശേഷി ഗണ്യമായി വർദ്ധിപ്പിച്ചിട്ടുള്ളതായി മനസ്സിലാക്കാൻ സാധിച്ചിട്ടുണ്ട്. |
| (ഡി) | പ്രസ്തുത തൊഴിൽ ദിനങ്ങൾ പ്രത്യുല്പാദനപരമായ മേഖലകളിലേക്ക് തിരിച്ച് വിട്ട് സംസ്ഥാനത്തിന്റെ ഉന്നമനത്തിനായി വിനിയോഗിക്കുന്നതിന് പദ്ധതി തയ്യാറാക്കുമോ; | (ഡി) | നിലവിൽ തൊഴിലുറപ്പ് പദ്ധതി പ്രകാരം ഏറ്റെടുത്ത് നടപ്പിലാക്കുന്ന എല്ലാ പ്രവൃത്തികളും പ്രത്യുത്പാദപരമായതിനാൽ പ്രത്യേക പദ്ധതി തയ്യാറാക്കേണ്ട ആവശ്യമില്ല. |
| (ഇ) | പ്രസ്തുത പദ്ധതിയിൽ അനധികൃതമായി ആനുകൂല്യങ്ങൾ കൈപ്പറ്റിയവരുണ്ടോ; എങ്കിൽ ആയവരുടെ പട്ടിക, ജില്ല തിരിച്ച് ലഭ്യമാക്കാമോ; ഇവർക്കെതിരെ എന്ത് നടപടിയാണ് സ്വീകരിച്ചിട്ടുള്ളത്; വ്യക്തമാക്കുമോ? | (ഇ) | ഇതു സംബന്ധിച്ച് ഗ്രാമ-ബ്ലോക്ക്- ജില്ലാ-സംസ്ഥാന തലങ്ങളിൽ പരാതികൾ ലഭിക്കുന്നുണ്ട്.വിശദവിവരം ശേഖരിച്ച് നൽകുന്നതാണ്. |

സെക്ഷൻ ഓഫീസർ